**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1167** **30.09.2016-ലെ മറുപടിക്ക്**

**കെ.റ്റി.ഡി.എഫ്.സി.**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>" പാറക്കൽ അബ്ദുല്ല<br>" ടി.എ.അഹമ്മദ് കബീർ<br>ഡോ. എം.കെ. മുനീർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.റ്റി.ഡി.എഫ്.സി.) സ്ഥാപിച്ചതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | കെ.റ്റി.ഡി.എഫ്.സി. രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു |
| (ബി) | കോർപ്പറേഷൻ സ്ഥാപിതമായ ശേഷം കെ.എസ്.ആർ.ടി.സി. യുമായി എന്തൊക്കെ ഇടപാടുകൾ ഇതേവരെ നടത്തിയിട്ടുണ്ടെന്നതിന്റെ വിശദ വിവരം നൽകാമോ; | (ബി) | കെ.റ്റി.ഡി.എഫ്.സി, കെ.എസ്.ആർ.ടി.സി.ക്കു നൽകിയിട്ടുള്ള വായ്പകളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു<br>ഇതു കൂടാതെ കെ.റ്റി.ഡി.എഫ്.സി കെ.എസ്.ആർ.ടി.സി.ക്കു വേണ്ടി ബി.ഒ.ടി അടിസ്ഥാനത്തിൽ തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്. |
| (സി) | കോർപ്പറേഷൻ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ; എങ്കിൽ ലാഭത്തിന്റെ സ്രോതസ്സുകൾ വെളിപ്പെടുത്തുമോ; നഷ്ടത്തിലാണെങ്കിൽ, കാരണം വെളിപ്പെടുത്തുമോ? | (സി) | ലാഭത്തിലാണ്.<br>ലാഭത്തിന്റെ സ്രോതസ്സ് കെ.എസ്.ആർ.ടി.സി.ക്കും മറ്റ് ഉപഭോക്താക്കൾക്കും നൽകിയ വായ്പയുടെ പലിശയിനമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

1. ട്രാൻസ്പോർട്ട് വാഹനങ്ങൾ, വർക്ക്ഷോപ്പുകൾ, യന്ത്രസാമഗ്രികൾ എന്നിവയ്ക്ക് ധനസഹായം:

വ്യക്തിക്കോ സ്ഥാപനത്തിനോ കമ്പനികൾക്കോ പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സിക്കോ ആവശ്യമുള്ള വാഹനങ്ങൾ പാട്ടം, ഹയർ പർച്ചേസ്, ഹൈപ്പോത്തിക്കേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ ഫിനാൻസ് ചെയ്യുക, കെ.എസ്.ആർ.ടി.സി.യുടെ വാണിജ്യപരമായി വയബിൾ ആയിട്ടുള്ള സ്പേയർ പാർട്ട് കടകൾ, ഡീസൽ പമ്പുകൾ, ബസ് സ്റ്റേഷനുകൾ, കൊമേഴ്സ്യൽ കോംപ്ലക്സുകൾ എന്നിവ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് ഫിനാൻസ് ചെയ്യുക, കൂടാതെ വിമാനം, ലോറികൾ, ബോട്ടുകൾ, കപ്പലുകൾ എന്നിങ്ങനെയുള്ള കര നാവിക വ്യോമ മേഖലകളിലുപയോഗിക്കുന്ന മറ്റ് ഗതാഗത വാഹനങ്ങൾക്ക് ധനസഹായം നൽകൽ.

2. ട്രാൻസ്പോർട്ട് വാഹനങ്ങളും മെഷിനറികളും സ്വന്തമാക്കുന്നതിനുള്ള ധന ക്രമീകരണം:

ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെയോ നിർമ്മാണം, പ്രോസസിംഗ്, സ്റ്റോറേജ് എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള യൂണിറ്റുകളുടെയോ ഓപ്പറേഷൻ, മെയിന്റനൻസ്, റിപ്പയറുകൾ എന്നിവയ്ക്കാവശ്യമായ ബസുകൾ, ലോറികൾ, ട്രാക്ടറുകൾ, എയർ ക്രാഫ്റ്റുകൾ, കപ്പലുകൾ, മെഷിനറികൾ, സാമഗ്രികൾ, ബിൽഡിംഗുകൾ എന്നിവ സ്വന്തമാക്കുന്നതിനോ ലീസിനത്തിലോ വാടകയ്ക്കോ ഹൈപ്പോത്തിക്കേഷൻ മുഖേനയോ സ്വന്തമാക്കുന്നതിനോ മേൽ വിവരിച്ച യൂണിറ്റുകളുടെ സ്പെയർ പാർട്ടുകൾക്കോ ആവശ്യമായ ഫിനാൻസ് അറേഞ്ചുമെന്റുകൾ ഏറ്റെടുക്കൽ.

3. ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് സഹായിക്കൽ:

കേരളത്തിലുള്ള ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് ദീർഘ, മദ്ധ്യമ, ഹ്രസ്വദൂരവായ്പകൾ നൽകി സഹായിക്കുക, അവരുടെ ഷെയർ കാപിറ്റൽ, ഇക്വിറ്റി അല്ലെങ്കിൽ പ്രിഫറൻസ് ഡിബഞ്ചറുകൾ സബ്സ്ക്രൈബ് ചെയ്യുക അല്ലെങ്കിൽ ഭാരതീയ റിസർവ് ബാങ്കിന്റെ സമയാസമയങ്ങളിലുള്ള നിബന്ധനകൾക്ക് വിധേയമായി മറ്റ് രീതിയിലുള്ള സഹായങ്ങൾ ചെയ്യുക.

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

| ക്രമ നമ്പർ | വർഷം | വായ്പയായി വിതരണം ചെയ്ത തുക | പലിശ നിരക്ക് |
|---|---|---|---|
| 1 | 2001-2002 | 102.07 crores (Including rescheduled loans disbursed from the beginning [All loans sanctioned prior to,2001-02 were rescheduled in 2001-02]) | 10% to 12% |
| 2 | 2002-2003 | 29.9 crores (Out of this Rs. 10 lakhs was disbursed on 10.05.2003) | 12% to 13% |
| 3 | 2003-2004 | 119.96 crores | 9% to 10% |
| 4 | 2004-2005 | 123.04 crores | 7.75% to 9% |
| 5 | 2005-2006 | 131 crores | 7.75% to 9% |
| 6 | 2006-2007 | 130 crores | 8.5% to 11.6% |
| 7 | 2007-2008 | 153 crores | 11.6% to 13% |
| 8 | 2008-2009 | 130 crores | 13% to 14.25% |
| 9 | 2009-2010 | 309 crores | 11.75% to 12.25% |
| 10 | 2010-2011 | 366.57 crores | 12.25% to 15% |
| 11 | 2011-2012 | 291 crores | 14.50% to 16.25% |
| 12 | 2012-2013 | 380 crores | 14.50% |
| 13 | 2013-2014 | 360 crores<br>133 crore (Short Term Loan) | 14.50% |
| 14 | 2014-2015 | 72 crore<br>516 crore (Short Term Loan) | 14.50% |
| 15 | 2015-2016 | 360 crore<br>347.50 crore (Short Term Loan) | 12.90% |
| 16 | 2016-2017 (upto 24.09.2016) | 260 crores | 12.10% to 12.60% |
| | ആകെ | **4314.04 crores** | |

സെക്ഷൻ ഓഫീസർ